ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 03.06.2025**

## പ്രധാനവാർത്തകൾ

1) സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും.
2) പോക്സോ കേസ് പ്രതിയെ സ്കൂൾ പ്രവേശനോത്സവത്തിൽ പങ്കെടുപ്പിച്ച സംഭവം അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദേശം നൽകി മന്ത്രി വി ശിവൻകുട്ടി.
3) നിലമ്പൂർ ഉപതിരഞ്ഞെടുപ്പിൽ സൂക്ഷ്മ പരിശോധന ആരംഭിച്ചു; പ്രചാരണം ഊർജിതമാക്കി മുന്നണികൾ.
4) സംസ്ഥാനത്തെ എല്ലാ അംഗൻവാടികളിലും ഈ അധ്യയന വർഷം മുതൽ ആഴ്ച്ചയിൽ മൂന്ന് ദിവസം മുട്ടയും പാലും വിതരണം ചെയാനുള്ള ശ്രമമാണ് നടത്തിവരുന്നതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.
5) ഈ വർഷത്തെ ഹജ്ജ് കർമങ്ങൾക്ക് നാളെ തുടക്കമാകും; ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം വ്യാഴാഴ്ച നടക്കും.
6) ഐ.പി.എൽ ക്രിക്കറ്റിൽ, കന്നി കിരീടം ലക്ഷ്യമിട്ട് റോയൽ ചലഞ്ചേഴ്സ് ബെംഗളൂരുവും - പഞ്ചാബ് കിംഗ്സും ഇന്ന് ഇറങ്ങും.

*************************************************************

RNU TVPM

## മുഖ്യമന്ത്രി - അശ്വിനി വൈഷ്ണവ്

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് കേന്ദ്ര റെയിൽവേമന്ത്രി അശ്വിനി വൈഷ്ണവുമായി ന്യൂഡൽഹിയിൽ കൂടിക്കാഴ്ച നടത്തും. കേരളത്തിന്റെ സ്വപ്ന പദ്ധതിയായ സിൽവർലൈൻ ഉൾപ്പെടെ സംസ്ഥാനത്തെ റെയിൽവേ വികസനവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്യുമെന്നാണ് വിവരം. ന്യൂഡൽഹിയിലെ റെയിൽ ഭവനിലാണ് കൂടിക്കാഴ്ച.

## പോക്സോ കേസ്- വിശദീകരണം

പോക്സോ കേസ് പ്രതിയെ സ്കൂൾ പ്രവേശനോത്സവത്തിൽ പങ്കെടുപ്പിച്ച സംഭവത്തിൽ മന്ത്രി വി ശിവൻകുട്ടി വിശദീകരണം തേടി. അടിയന്തരമായി സംഭവത്തെ കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ തിരുവനന്തപുരം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദേശം നൽകി. കോവളം പോലീസ് രജിസ്റ്റർ ചെയ്ത പോക്സോ കേസിൽ ആരോപണവിധേയനായ മുകേഷ് എം.നായരാണ് തിരുവനന്തപുരത്തെ സർക്കാർ സ്കൂളിൽ പ്രവേശനോത്സവത്തിൽ അതിഥിയായി എത്തിയത്.

RNUTVPM

## അംഗണവാടി പ്രവേശനം

സംസ്ഥാനത്തെ എല്ലാ അംഗൻവാടികളിലും ഈ അദ്ധ്യയന വർഷം മുതൽ ആഴ്ച്ചയിൽ മൂന്ന് ദിവസം മുട്ടയും പാലും വിതരണം ചെയ്യുന്നതിനുള്ള ശ്രമമാണ് നടത്തിവരുന്നതെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്. ധനവകുപ്പിൻ്റെ അനുവാദംകൂടി ലഭിക്കുന്ന മുറയ്ക്ക് പദ്ധതി യാഥാർഥത്യമാകുമെന്നും മന്ത്രി പറഞ്ഞു. 2025 -26 വർഷത്തെ അംഗനവാടി പ്രവേശനോത്സവത്തിൻ്റെ സംസ്ഥാന തല ഉത്ഘാടനവും, കുഞ്ഞൂസ് കാർഡ് വിതരണവും നിർവഹിച്ചു സംസാരിക്കുകയായിരുന്നു മന്ത്രി.

കുട്ടികൾക്ക് പോഷക മൂല്യങ്ങളടങ്ങിയ ഭക്ഷണം ഉറപ്പ് വരുത്തുകയാണ് സർക്കാരിൻറെ ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു.

*****************************************************************

## അതിദാരിദ്ര്യമുക്ത- കണ്ണൂർ

സംസ്ഥാനത്തെ ആദ്യ അതിദാരിദ്ര്യ-മുക്ത ജില്ല എന്ന നേട്ടം കൈവരിച്ച് കണ്ണൂർ. അർഹരായ 3,973 പേർക്ക് ആവശ്യമായ സൂക്ഷ്മ പദ്ധതികൾ തയ്യാറാക്കിയാണ് ജില്ല, നേട്ടം കൈവരിച്ചത്.

*****************************************************************

## നിലമ്പൂർ ഉപതിരഞ്ഞെടുപ്പ്

നിലമ്പൂർ ഉപതിരഞ്ഞെടുപ്പിനുള്ള പ്രചാരണം ഊർജ്ജിതമായി പുരോഗമിക്കുന്നു. 19 പേരാണ് നാമനിർദ്ദേശ പത്രിക നൽകിയത്. സൂക്ഷമ പരിശോധന ആരംഭിച്ചു. മറ്റന്നാൾ വരെ പത്രിക പിൻവലിക്കാം. എൽഡിഎഫ് സ്ഥാനാർഥി എം.സ്വരാജ്, യുഡിഎഫിൻറെ ആര്യാടൻ ഷൗക്കത്ത്, എൻഡിഎ സ്ഥാനാർഥി മോഹൻ ജോർജ്, തൃണമൂൽ കോൺഗ്രസ് സ്ഥാനാർഥി പി.വി.അൻവർ എന്നിവരാണ് മത്സര രംഗത്തെ പ്രമുഖർ. നിലമ്പൂരിൽ ഈ മാസം 19 നാണ് വോട്ടെടുപ്പ്. 23 ന് വോട്ടെണ്ണൽ നടക്കും.

*****************************************************************

## ട്രോളിംഗ് നിരോധനം (ഇൻട്രോ)

സംസ്ഥാനത്ത് ട്രോളിങ്ങ് നിരോധനം ഈ മാസം 9 ന് ആരംഭിക്കും. മോശം കാലാവസ്ഥയും, കണ്ടെയ്നറുകൾ മുങ്ങിയതും മത്സ്യബന്ധനമേഖലയെ പ്രതികൂലമായി

RNU TVPM

ബാധിച്ചു. മത്സ്യബന്ധനത്തിനുള്ള വിലക്ക് നീങ്ങിയതോടെ ഒരാഴ്ചയ്ക്ക് ശേഷം ഇന്നലെയാണ് മത്സ്യത്തൊഴിലാളികൾ കടലിൽ പോയത്.

വിശദാംശങ്ങളുമായി ആകാശവാണി കൊല്ലം ജില്ലാ പ്രതിനിധി **നീരജ് ലാൽ.....**

(വോയിസ്)

*****************************************************************************

## എൻ.സി.ഇ.ആർ.ടി

എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളുടെ അനധികൃതമായ നിർമാണം, വിതരണം, വിൽപ്പന എന്നിവയിൽ ഏർപ്പെട്ടിരിക്കുന്നവർക്കെതിരെ ദേശീയ വിദ്യാഭ്യാസ ഗവേഷണ പരിശീലന കൗൺസിൽ നടപടി സ്വീകരിച്ചു. പാഠപുസ്തകങ്ങളുടെ വ്യാജ പതിപ്പുകൾ തടയുന്നതിനായി, എൻ.സി.ഇ.ആർ.ടി പാഠപുസ്തകങ്ങളുടെ ഗുണനിലവാരം, ലഭ്യത എന്നിവ വർധിപ്പിക്കും. ഇതിനോടകം, അഞ്ച് ലക്ഷത്തിലധികം വ്യാജ പാഠപുസ്തക പകർപ്പുകളും, അച്ചടി കടലാസും, യന്ത്രങ്ങളും ഇതിന്റെ ഭാഗമായി പിടിച്ചെടുത്തു.

RNU TVPM

*****************************************************************************

## സ്കൂൾ ബസ് അപകടം

തിരുവനന്തപുരം നഗരൂരിൽ സ്കൂൾ ബസ് മറിഞ്ഞ് അപകടം. വെള്ളല്ലൂർ ഗവൺമെന്റ് എൽ.പി സ്കൂളിലെ ബസാണ് അപകടത്തിൽപ്പെട്ടത്. കുട്ടികളുമായി സ്കൂളിലേക്ക് പോകുന്ന വഴി ബസ് വയലിലേക്ക് മറിയുകയായിരുന്നു. 19 കുട്ടികൾക്ക് പരിക്കേറ്റു. ആരുടെയും പരിക്ക് ഗുരുതരമല്ല. കുട്ടികൾ ചികിത്സയിൽ കഴിയുന്ന കിളിമാനൂർ കേശവപുരം പ്രാഥമിക ആരോഗ്യ കേന്ദ്രം മന്ത്രി വി ശിവൻകുട്ടി സന്ദർശിച്ചു.

സംഭവത്തെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ട് നൽകാൻ മന്ത്രി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകി.

**************************************************************

## കണ്ണൂർ -സർവീസ് (ഇൻട്രോ)

കണ്ണൂർ രാജ്യാന്തര വിമാനത്താവളം വഴി കഴിഞ്ഞ മാസം യാത്ര ചെയ്യുവരുടെ എണ്ണത്തിൽ വൻവർധന രേഖപ്പെടുത്തി. വിമാന സർവീസുകളുടെ എണ്ണത്തിലും വർദ്ധനയുണ്ടായി.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി **കെ.ഒ.ശശിധരൻ......**

(വോയിസ്)

**************************************************************

## ഹജ്ജ്

ഈ വർഷത്തെ ഹജ്ജ് കർമങ്ങൾക്ക് നാളെ തുടക്കമാകും. മിനായിലെ തമ്പുകളിൽ തീർത്ഥാടകരെത്തുന്നതോടെയാണ് കർമങ്ങൾ ആരംഭിക്കുക. നാളെ മുഴുവൻ സമയവും തീർത്ഥാടകർ മിനായിൽ പ്രാർത്ഥനയിൽ കഴിയും. ഹജ്ജിന്റെ പ്രധാന ചടങ്ങായ അറഫാ സംഗമം മറ്റെന്നാൾ നടക്കും. 18 ലക്ഷത്തിലധികം തീർത്ഥാടകർ അറഫാ സംഗമത്തിൽ പങ്കെടുക്കുമെന്നാണ് വിവരം.

**************************************************************

## ആലപ്പുഴ-മഴ (ഇൻട്രോ)

ആലപ്പുഴ ജില്ലയിൽ കഴിഞ്ഞ ദിവസം പെയ്യ മഴ കുട്ടനാട്ടിൽ ജനജീവിതത്തെ സാരമായി ബാധിച്ചു. ജില്ലയിലെ

RNU TVPM

പ്രധാന നദികളിലെ ജലനിരപ്പ് കാര്യമായി താഴാത്തതിനാൽ പലയിടങ്ങളിലും വെള്ളക്കെട്ട് നിലനിൽക്കുന്നുണ്ട്.

വിശദാംശങ്ങളുമായി ആലപ്പുഴയിൽ നിന്നും ആകാശവാണി പ്രതിനിധി **ആർ.രവികുമാർ......**

(വോയിസ്)

*****************************************************************

## പ്ലസ് വൺ അലോട്ട്മെന്റ്

പ്ലസ് വൺ പ്രവേശനത്തിന്റെ ആദ്യ അലോട്ട്മെന്റ് ലിസ്റ്റ് പ്രകാരം പ്രവേശന നടപടികൾ ഇന്ന് ആരംഭിച്ചു. വ്യാഴാഴ്ച വൈകിട്ട് അഞ്ചു വരെയാണ് പ്രവേശനം. ഫസ്റ്റ് അലോട്ട്മെന്റ് റിസൽട്ട്സ് എന്ന ലിങ്കിൽ നിന്ന് ലഭിക്കുന്ന അലോട്ട്മെന്റ് ലെറ്ററുമായി വിദ്യാർത്ഥികൾ രക്ഷിതാക്കൾക്കൊപ്പം സ്കൂളുകളിൽ ഹാജരാകേണ്ടതാണ്.

RNU TVPM

*****************************************************************

## ഐ.പി.എൽ

ഐപിഎൽ ക്രിക്കറ്റിൽ, ഇന്ന് നടക്കുന്ന ഫൈനലിൽ റോയൽ ചലഞ്ചേഴ്സ് ബെംഗളൂരു - പഞ്ചാബ് കിംഗ്സുമായി ഏറ്റുമുട്ടും. അഹമ്മദാബാദിൽ രാത്രി 07.30 ന് ആണ് മത്സരം. കന്നിക്കിരീടം ലക്ഷ്യമിട്ടാണ് ശ്രേയസ് അയ്യർ നയിക്കുന്ന പഞ്ചാബും, രജത് പാട്ടിദാറിൻറെ നേതൃത്വത്തിലുള്ള ബെംഗളൂരുവും ഇന്ന് കളത്തിലിറങ്ങുന്നത്.

*****************************************************************

## ചാല മാർക്കറ്റ്

നവീകരണത്തിന്റെ ഭാഗമായി തിരുവനന്തപുരം പാളയം കണ്ണിമാറ മാർക്കറ്റിൽ കടകൾ പൊളിക്കാൻ എത്തിയ നഗരസഭാ

ഉദ്യോഗസ്ഥരും വ്യാപാരികളും തമ്മിൽ വീണ്ടും സംഘർഷം. അധികൃതർ ബലം പ്രയോഗിച്ച് മാർക്കറ്റ് പൊളിക്കാൻ ശ്രമിച്ചതിനെ തുടർന്ന് വ്യാപാരികൾ കടകൾ അടച്ച് പ്രതിഷേധിച്ചു. തുടർന്ന് പൊലീസെത്തി കടകളുടെ പൂട്ടു പൊളിച്ചതോടെയാണ് സംഘർഷം ഉണ്ടായത്.

************************************************************

## മഴ

സംസ്ഥാനത്ത് മഴയ്ക്ക് നേരിയ ശമനം. കണ്ണൂർ, കാസർഗോഡ്, വയനാട്, കോഴിക്കോട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരള - കർണാടക - ലക്ഷദ്വീപ് - തീരങ്ങളിൽ മത്സ്യബന്ധനത്തിന് ഇന്ന് വിലക്കേർപ്പെടുത്തി.

************************************************************

RNU TVPM

## വികസിത് ഭാരത് -പത്തനംതിട്ട

വികസിത കൃഷി സങ്കൽപ്പ് അഭിയാൻ ക്യാമ്പയിൻ പത്തനംതിട്ട ജില്ലയിൽ തുടരുന്നു. ഇന്ന് മല്ലപള്ളി ബ്ലോക്ക് പഞ്ചായത്തിൻ്റെ പരിധിയിൽ വരുന്ന ഗ്രാമപഞ്ചായത്തുകളിലാണ് പരിപാടി. കോഴിക്കോട് ജില്ലയിൽ ഐ.സി.എ.ആറും - കൃഷി വിജ്ഞാന കേന്ദ്രവും സംയുക്തമായി സംഘടിപ്പിക്കുന്ന വികസിത് കൃഷി സങ്കല്പ് അഭിയാൻ' കാമ്പയിനിന്റെ വാഹനം ഇന്ന് കുന്നമംഗലം, പെരുവയൽ, മാവൂർ പഞ്ചായത്തുകളിൽ പര്യടനം നടത്തും . ഈ മാസം 12 വരെയാണ് ക്യാമ്പയിൻ.

************************************************************

## സൈക്കിൾ ദിനം

ഇന്ന് ലോക സൈക്കിൾ ദിനം. മാലിന്യ രഹിത സുസ്ഥിര സഞ്ചാര മാർഗ്ഗമെന്ന നിലയിലും ആരോഗ്യ ജീവിതത്തിന് ലളിതവും,

ചെലവ് കുറഞ്ഞതുമായ, സൈക്കിളിന്റെ പങ്ക് വെളിവാക്കുന്നതിനുമാണ് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ ദിനാചരണം ലക്ഷ്യമിടുന്നത്. ഇന്ത്യയുടെ 'സൈക്കിൾ നഗരം എന്നറിയപ്പെടുന്ന പഞ്ചാബിലെ ലുധിയാന ഏഷ്യയിലെ ഏറ്റവും വലിയ സൈക്കിൾ നിർമാണ കേന്ദ്രമാണ്.

*************************************************************

## വിഴിഞ്ഞം

ലോകത്തിലെ ഏറ്റവും വലിയ ചരക്ക് കപ്പലുകളിൽ ഒന്നായ എം എസ് സി ഐറിന ഇന്ന് വിഴിഞ്ഞത്ത് എത്തും. വൈകുന്നേരത്തോടെ വിഴിഞ്ഞം പുറം കടലിൽ എത്തുന്ന എം എസ് സി ഐറിന മറ്റന്നാൾ വിഴിഞ്ഞം തുറമുഖത്ത് ബെർത്ത് ചെയ്യും. ഏകദേശം ആറ് കപ്പലുകൾ വിഴിഞ്ഞത്ത് നിലവിൽ ബർത്ത് ചെയ്യാനുണ്ട്. അവ തീരം വിട്ട ശേഷമാകും എം എസ് സി ഐറിന വിഴിഞ്ഞം തുറമുഖത്ത് നങ്കൂരമിടുക.

*************************************************************

*******************************************************************************************

RNU TVPM